**അനുബന്ധം**

<u>പെരിങ്ങമ്മല-തെന്നൂർ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. ഡി. കെ. മുരളി എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി</u>

മലയോരഹൈവേയിൽ ഉൾപ്പെടുന്ന പെരിങ്ങമ്മല-വിതുര (കൊപ്പം) റോഡിന്റെ നിർമാണത്തിന് 45.25 കോടി രൂപക്ക് സാമ്പത്തികാനുമതിയും 47.98 കോടി രൂപക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. വാമനപുരം നിയോജകമണ്ഡലത്തിൽ 7.45 കി.മീറ്ററും അരുവിക്കര നിയോജകമണ്ഡലത്തിൽ 2 കി.മീറ്റർ സ്ട്രെച്ചുമാണ് വികസിപ്പിക്കുന്നത്. 12 മീറ്റർ വീതിയിൽ ഡിസൈൻഡ് റോഡായി വികസിപ്പിക്കുകയാണ് ഈ പദ്ധതിയിലൂടെ ചെയ്യുന്നത്. നിലവിൽ 8 കി.മീറ്റർ DBM അടക്കം 70 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

2022-ൽ പൂർത്തിയാക്കേണ്ട പദ്ധതിയായിരുന്നുവെങ്കിലും സൗജന്യമായി ഭൂമി വിട്ടുകിട്ടലും കോടതി വ്യവഹാരവും പദ്ധതിയുടെ പൂർത്തീകരണത്തിനെ

ബാധിച്ചിട്ടുണ്ട്. നിലവിൽ പദ്ധതി വേഗത്തിൽ പൂർത്തിയാക്കുന്നതിന് വകുപ്പ് ആവശ്യമായ ഇടപെടലുകൾ നടത്തുകയാണ്.

2024 ഡിസംബർ 31-നകം പ്രവൃത്തി പൂർത്തീകരിക്കണമെന്നാണ് കരാറുകാരന് നൽകിയ അന്ത്യശാസനം. ഈ കാലയളവിൽ പദ്ധതി പൂർത്തികരിച്ചില്ലെങ്കിൽ കർശനമായ നടപടി കരാർ കമ്പനിക്കെതിരെ കൈക്കൊള്ളും.

മലയോരഹൈവേയുടെ അലൈൻമെന്റിലുൾപ്പെട്ട തെന്നൂർ പാലത്തിന്റെ പുനർനിർമ്മാണത്തിന് 5.22 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ തുടരുകയാണ്. 11(1) നോട്ടിഫിക്കേഷനുള്ള പ്രൊപ്പോസൽ ജില്ലാ കലക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

നെല്ല് വില വർധിപ്പിക്കൽ നടപടികളുമായി ബന്ധപ്പെട്ട്
ശ്രീ. കെ. ഡി. പ്രസേനൻ എം.എൽ.എ.-യുടെ സബ്മിഷന്
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി നൽകിയ മറുപടി

വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി രാജ്യത്ത് ഏറ്റവും മാതൃകാപരമായി നടന്നുവരുന്നത് കേരളത്തിലാണ്. ഇതര സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കർഷകർ ഉൽപാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കുകയും മികച്ച വിലയായ 28 രൂപ 20 പൈസ കിലോഗ്രാമിന് നൽകുകയും ചെയ്യുന്നത് നമ്മുടെ സംസ്ഥാനത്താണ്. 2024-25 സീസണിലെ നെല്ല് സംഭരണം ആരംഭിക്കുന്നതിനുമുന്നോടിയായി 2024 ആഗസ്റ്റ് 25-ന് കർഷക രജിസ്ട്രേഷനായി സപ്ലൈകോ പാഡി പോർട്ടൽ (www.supplycopaddy.in) തുറന്നുനൽകിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് 68621 കർഷകർ 2024-25 സീസൺ നെല്ല് സംഭരണത്തിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുവരെ 42 മില്ലുടമകൾ നെല്ല് സംഭരണത്തിനായി സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നിലവിൽ കൊയ്ത്ത് ആരംഭിച്ച ആലപ്പുഴ, എറണാകുളം, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽനിന്ന് 2024 ഓഗസ്റ്റ് 28 മുതൽ സംഭരണം തുടങ്ങിയിട്ടുമുണ്ട്.

സംഭരിച്ച നെല്ല് സംസ്കരിച്ച് അരിയാക്കി റേഷൻകടകൾ മുഖേന വിതരണം ചെയ്തതിന്റെ കണക്ക് പ്രകാരമാണ് താങ്ങുവില ലഭിക്കാനുള്ള ക്ലെയിം കേന്ദ്രസർക്കാർ അനുവദിക്കുന്നത്. ഇതിന് 6 തൽ 8 മാസം വരെ സമയം എടുക്കാറുണ്ട്. ഈ കാലതാമസം ഒഴിവാക്കുന്നതിനാണ് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിരിക്കുന്ന ബാങ്കുകൾ മുഖാന്തരം പി.ആർ.എസ്. വായ്പയായി നെല്ലിന്റെ വില കർഷകർക്ക് നൽകുന്ന സംവിധാനം ഒരുക്കിയിട്ടുള്ളത്. 2023-24 സംഭരണവർഷം വരെയുള്ള തുകകൾ പൂർണമായും ഇപ്രകാരം കർഷകർക്ക് നൽകി കഴിഞ്ഞിട്ടുണ്ട്.

പദ്ധതിയിൽ പങ്കെടുക്കുന്ന സംസ്ഥാനങ്ങളിലെ ഭക്ഷ്യ വകുപ്പ് സെക്രട്ടറിമാരുമായി 11-06-2021-ൽ കേന്ദ്ര ഭക്ഷ്യവകുപ്പ് സെക്രട്ടറി നടത്തിയ യോഗത്തിലെ തീരുമാനപ്രകാരം സ്റ്റേറ്റ് ഫുഡ് ഗ്രെയിൻ പ്രൊക്യുയർമെന്റ് പോർട്ടലിലെ വിവരങ്ങളെല്ലാം സെൻട്രൽ ഫുഡ് ഗ്രെയിൻ പ്രൊക്യുയർമെന്റ് പോർട്ടലുമായി പങ്കുവച്ചുവരുന്നു. ഇപ്പോൾ ഈ പോർട്ടൽ പ്രധാനമന്ത്രിയുടെ ഓഫീസിലെ 'PRAYAS' പോർട്ടലുമായി സംയോജിപ്പിച്ചിരിക്കുന്നു. പദ്ധതിയുടെ ഓരോ ഘട്ടങ്ങളും കേന്ദ്ര സർക്കാരിന് നേരിട്ട് നിരീക്ഷിക്കാൻ

കഴിയുന്ന വിധത്തിലുള്ള സംവിധാനമാണ് ഇത്തരത്തിൽ ഒരുക്കിയിട്ടുള്ളത്. നെല്ല് സംസ്കരിക്കുന്ന മില്ലുകളുടെ വൈദ്യുതി ഉപയോഗം, മില്ലുകളിൽനിന്ന് അരി NFSA ഗോഡൗണുകളിലേക്കും അവിടെനിന്ന് റേഷൻകടകളിലേക്കും കൊണ്ടുപോകുന്ന വാഹനങ്ങളുടെ ട്രാക്കിംഗ് എന്നിവ കേന്ദ്ര നിബന്ധനപ്രകാരം നിലവിൽ നിരീക്ഷിക്കുന്നുണ്ട്. കർഷകന്റെ വിരലടയാളം പതിപ്പിച്ച് ആധാർ വെരിഫിക്കേഷൻ നടത്തണമെന്ന് കർശന നിർദേശവും കേന്ദ്രം നൽകിയിട്ടുണ്ട്.

ഈ പ്രക്രിയയുടെ ഭാഗമായിട്ടാണ് സംഭരണ കേന്ദ്രങ്ങളിൽനിന്നും മില്ലുകളിലേക്ക് നെല്ല് കൊണ്ടുവരുന്ന പ്രവൃത്തികൂടി ജിയോ ടാഗ് ചെയ്യുന്നതിനുള്ള കേന്ദ്രസർക്കാർ നിർദേശം. 2017-18 മുതൽ 2022-23 വരെ ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട 257.41 കോടി രൂപ ഈ പക്രിയ പൂർത്തിയാകാത്തതിനാൽ കേന്ദ്രം അനുവദിച്ചുനൽകിയിട്ടില്ല. എന്നാൽ കേരളത്തിൽ കേന്ദ്രം നിഷ്കർഷിക്കുന്ന തരത്തിലുള്ള സംഭരണ കേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ പാടത്തിന്റെ അക്ഷാംശവും രേഖാംശവും രേഖപ്പെടുത്തിക്കൊണ്ടുമാത്രമേ ജിയോ ടാഗിംഗ് സാധ്യമാകുകയുള്ളൂ. ആ രീതിയിൽ ലോഡിംഗ് പോയിന്റ്

രേഖപ്പെടുത്തിക്കൊണ്ടാണ് രജിസ്ട്രേഷൻ നടപടികൾ ഇപ്പോൾ നടന്നുവരുന്നത്. എന്നാൽ മുൻവർഷങ്ങളിലേതുപോലെതന്നെ നെല്ല് സംഭരിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. കർഷകർക്ക് ഇക്കാര്യത്തിൽ പ്രയാസങ്ങളൊന്നും ഉണ്ടാകുന്നതല്ല. ഈ സീസണിലെ സംഭരണവില നിശ്ചയിക്കുന്ന വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

റേഷൻ കട നടത്തുന്ന ലൈസൻസികളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ശ്രീ. ജി. സ്റ്റീഫൻ എം.എൽ.എ.-യുടെ സബ്മിഷന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി നൽകിയ മറുപടി

സംസ്ഥാനത്തെ റേഷൻവ്യാപാരികളുടെ വിവിധ ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നതുമായി ബന്ധപ്പെട്ട് ഭക്ഷ്യ വകുപ്പുമന്ത്രിയെന്ന നിലയിൽ എന്റെ അധ്യക്ഷതയിൽ റേഷൻ വ്യാപാരി സംഘടനകളുമായി നിരവധി യോഗങ്ങൾ നടത്തിയിരുന്നു. പ്രസ്തുത യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, എൻ.എഫ്.എസ്.എ നടപ്പിലാക്കിയ ശേഷമുള്ള റേഷൻവ്യാപാരികളുടെ സാമ്പത്തികവും നിയമപരവും ഭരണപരവുമായ പ്രശ്നങ്ങൾ പഠിക്കുന്നതിന് റേഷനിംഗ് കൺട്രോളർ, വിജിലൻസ് ഓഫീസർ, ലോ ഓഫീസർ എന്നിവരടങ്ങുന്ന മൂന്നംഗ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത മൂന്നംഗ സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർതലത്തിൽ പരിശോധിച്ചുവരികയാണ്.

റേഷൻ വ്യാപാര മേഖലയിൽ നിലനിൽക്കുന്ന ചില പ്രധാന പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഈ സബ്മിഷനിലൂടെ സഭയുടെ

ശ്രദ്ധയിൽപ്പെടുത്തിയത്. ഈ വിഷയങ്ങളിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വളരെ സംക്ഷിപ്തമായി ഇവിടെ അവതരിപ്പിക്കാം.

2018-ലാണ് അവസാനമായി റേഷൻ വ്യാപാരികളുടെ വേതന പരിഷ്കരണം നടത്തിയത്. ഒരു വർഷത്തിനകം വേതനം പരിഷ്കരിക്കാമെന്ന് സർക്കാർ വ്യാപാരികളെ അറിയിച്ചിട്ടുണ്ടായിരുന്നു. വ്യാപാരികളുടെ വേതനം കാലോചിതമായി പരിഷ്കരിക്കണമെന്നുതന്നെയാണ് സർക്കാർ നിലപാട്. മൂന്നംഗ സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി കൂടിയാലോചന നടത്തി വേതന പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

NFSA, Non-NFSA എന്നീ ഇനങ്ങളിലാണ് റേഷൻ വ്യാപാരികൾക്ക് പ്രതിമാസ കമ്മീഷൻ നൽകുന്നത്. Non-NFSA കമ്മീഷൻ പൂർണമായും സംസ്ഥാന സർക്കാരാണ് നൽകുന്നത്. എന്നാൽ NFSA കമ്മീഷനിൽ Central share, State share, Additional State share എന്നീ മൂന്ന് ഇനങ്ങളിലാണ് കമ്മീഷൻ അനുവദിക്കുന്നത്. ഇതിൽ Central share, State share, Non-NFSA (ബജറ്റ് വിഹിതം) എന്നിവ കൃത്യമായും താലൂക്ക് സപ്ലൈ ഓഫീസർമാർക്ക്

അനുവദിച്ചുനൽകാറുണ്ട്. എന്നാൽ NFSA കമ്മീഷനിൽ Additional State Share ഇനത്തിൽ അനുവദിച്ചുനൽകേണ്ടതായിട്ടുള്ള തുക കണക്കാക്കി (14.5 കോടി രൂപ) എല്ലാ മാസവും ധനകാര്യ വകുപ്പിൽനിന്നും അനുമതി വാങ്ങി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. അതിനുശേഷം സീലിംഗ് ലിമിറ്റ് എൻഹാൻസ് ചെയ്യുന്നതിനായി സിവിൽ സപ്ലൈസ് കമ്മീഷണർ ധനകാര്യ വകുപ്പിന്റെ അനുമതിയ്ക്കായി ബില്ല് സമർപ്പിക്കും. ഇതിനുശേഷം ട്രഷറിയിലേക്ക് പണം ലഭിക്കുന്നതിനായി വെയ്സ് & മീൻസിന്റെ ക്ലിയറൻസിന് ഫയൽ സമർപ്പിക്കുന്നു. തുടർന്ന് പ്രസ്തുത തുക PFMS (SNA) അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ച ശേഷം മാത്രമേ NFSA കമ്മീഷൻ പൂർണമായും വിതരണത്തിനായി അതത് താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് അനുവദിച്ചുനൽകാൻ കഴിയൂ. വ്യാപാരി കമ്മീഷനുമായി ബന്ധപ്പെട്ട് സ്ഥിരമായി ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുമായി ധനകാര്യ വകുപ്പിലെയും ഭക്ഷ്യ വകുപ്പിലെയും ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്.

കോവിഡ് കാലത്ത് ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്ത ഇനത്തിൽ കമ്മീഷൻ തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് ഏകദേശം 54-ഓളം കേസുകളിലാണ് ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രസ്താവന നടത്തിയിട്ടുള്ളത്. പ്രസ്തുത കേസുകളിൽ കക്ഷികൾ ആയിട്ടുള്ള 12683 റേഷൻ കടകൾക്കാണ് കോവിഡ് കാലത്ത് വിതരണം നടത്തിയ കിറ്റിന്റെ കമ്മീഷൻ ഇനത്തിൽ തുക അനുവദിക്കുന്നതിനായി വിധി പുറപ്പെടുവിച്ചിട്ടുള്ളത്. വിധി പകർപ്പ് ലഭ്യമായ 40-ഓളം കേസുകളിൽ കക്ഷികളായിട്ടുള്ള റേഷൻ വ്യാപാരികൾക്ക് അർഹമായ തുകയുടെ 50% തുക നൽകുന്നതിനായി സർക്കാരിൽനിന്നും 17,22,43,000/- രൂപ പതിനേഴുലക്ഷത്തി ഇരുപത്തിരണ്ടായിരത്തി നാൽപ്പത്തിമൂവായിരം രൂപ അനുവദിച്ചുകൊണ്ട് 07-09-2004-ൽ ഉത്തരവ് നൽകിയിരുന്നു. എന്നാൽ പ്രസ്തുത കേസുകൾ കൂടാതെ 2024 സെപ്റ്റംബർ മാസം വിധി പുറപ്പെടുവിച്ചതുൾപ്പെടെ ഏകദേശം 14 കേസുകളിൽ കക്ഷികളായിട്ടുള്ള റേഷൻ വ്യാപാരികൾക്കും കമ്മീഷൻ തുക അനുവദിച്ചുനൽകേണ്ടതായുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നു.

മുൻകാലങ്ങളിൽ റേഷൻ വ്യാപാരികൾക്ക് ഉത്സവബത്ത അനുവദിച്ചിരുന്നില്ല. എന്നാൽ 2022, 2023 വർഷങ്ങളിൽ കിറ്റുവിതരണത്തിന്റെ ഓണറേറിയം എന്ന രീതിയിലാണ് റേഷൻ വ്യാപാരികൾക്ക് 1,000/- രൂപ വീതം അനുവദിച്ചുനൽകിയത്. 2024 ഓണം പ്രമാണിച്ച് റേഷൻ വ്യാപാരിക്ക് 1,000/- രൂപ വീതം ഉത്സവബത്ത അനുവദിക്കുന്ന വിഷയം ധനവകുപ്പിന്റെ പരിഗണനയിലാണ്.

1998-ലെ റേഷൻ വ്യാപാരി ക്ഷേമനിധി ആക്ട് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള കരട് പ്രൊപ്പോസൽ തയ്യാറായിട്ടുണ്ട്. കരട് പ്രൊപ്പോസലിന്മേൽ റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തി, വരുന്ന സഭാ സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കെ.ടി.പി.ഡി.എസ് ഓർഡർ 2021 കാലോചിതമായി പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട കരട് തയ്യാറായിട്ടുണ്ട്. കരട് പ്രൊപ്പോസലിന്മേൽ റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തി ആവശ്യമായ ഭേദഗതി വരുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

കേന്ദ്ര സർക്കാർ പ്രതിവർഷം അനുവദിക്കുന്ന മണ്ണെണ്ണയുടെ അളവിൽ വലിയതോതിലുള്ള വെട്ടിക്കുറവ് വരുത്തുകയാണ്. മുൻകാലങ്ങളിൽ അനുവദിച്ചുനൽകിയിരുന്നതിൽനിന്നും പത്തിലൊന്ന് വിഹിതം മാത്രമേ ഇപ്പോൾ അനുവദിച്ചുനൽകുന്നുള്ളൂ. നഷ്ടം സഹിച്ച് മൊത്തവ്യാപാരികൾ കുറഞ്ഞ അളവിൽ മണ്ണെണ്ണ വിട്ടെടുക്കാൻ തയ്യാറാകുന്നില്ല. അതുപോലെതന്നെ ഹോൾസെയിൽ ഡീലറിൽനിന്നും കുറഞ്ഞ അളവിൽ മണ്ണെണ്ണ വിട്ടെടുക്കാൻ റേഷൻകട ലൈസൻസികളും തയ്യാറാകുന്നില്ല. ഇതാണ് ഈ രംഗത്തെ പ്രതിസന്ധിക്ക് കാരണമായത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഒരു വർഷം സംസ്ഥാനത്തിന് അനുവദിക്കുന്ന മണ്ണെണ്ണ ഒരു പ്രാവശ്യമായി അനുവദിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര മന്ത്രിയ്ക്ക് നിവേദനം നൽകിയിട്ടുണ്ട്.

റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. തുടർന്നും ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.